## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2222 09.03.2018-ൽ മറുപടിയ്ക്ക്

**പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിൽ കണ്ടുവരുന്ന ആരോഗ്യപ്രശ്നങ്ങൾ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.പി.കെ. ശശി | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിൽ (കോളനികൾ/വനമേഖല ഉൾപ്പെടെ) കണ്ടുവരുന്ന ആരോഗ്യപ്രശ്നങ്ങളും, മറ്റുപ്രധാന പ്രശ്നങ്ങളും പരിഹരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഭാഗമായി പട്ടികജാതി വികസന വകുപ്പ് ബോധവൽക്കരണ പ്രവർത്തനവും മെഡിക്കൽ ക്യാമ്പുക ളും നടത്താറു ണ്ട്. കൂടാതെ ആരോഗ്യ വകുപ്പിൽ നിന്നും മഴക്കാല പകർച്ച രോഗ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തു ന്നു ണ്ട്. 29 പ്രത്യേക ഹോമിയോ ക്ലിനിക്കുകൾ വിവിധ സങ്കേതങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്.<br>പട്ടികജാതി വികസന വകുപ്പ്, ആയുർവേദ വകുപ്പ്, ഹോമിയോ വകുപ്പ് എന്നീ വകുപ്പുകൾ സംയുക്തമായി 'ഹരികിരണം' എന്ന പദ്ധതി തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ നടത്തി യി ട്ടുണ്ട് ഇതിനു പുറമെ പട്ടികജാതി വിഭാഗ ത്തിൽപ്പെട്ടവർക്ക് ചികിത്സാധനസഹായമായി 1,00,000/- രൂപ വരെ നൽകി വരുന്നു.<br>• സംസ്ഥാനത്ത് പട്ടികവർഗക്കാർക്ക് ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തു ന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം മെഡി ക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെര ഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഐ.ടി.ഡി.പ്രോജക്ടാഫീസർമാർ/ പട്ടി കവർഗ വികസന ആഫീസർമാർ മുഖേനയും വകുപ്പ് അധ്യക്ഷൻ മുഖേനയും ചികിത്സാ ധനസ ഹായം നൽകുന്നു. കൂടാതെ ബഹു:വ കുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധി യിൽ നിന്നും വിവിധ രോഗങ്ങൾക്ക് ധനസഹായം അനുവദിച്ച് വരു ന്നു. പട്ടികവർഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു |
| (ബി) | പ്രസ്തുത മേഖലയിൽ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റുപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനുമായി (അവരനുഭവിക്കുന്ന പ്രശ്നങ്ങളും നടത്തിയപരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച വിശദാംശമടക്കം) ഈ സർക്കാർ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെന്ന വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ആയുർവേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. HLL (Hindustan Lifecare Limited) മുഖേന വകുപ്പിന് കീഴിൽ മലപ്പുറം, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു.<br>• കൂടാതെ കൊല്ലം, ഇടുക്കി, പാലക്കാട്, കാസറഗോഡ്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ KMSCL (Kerala Medical Services Corporation Limited) മുഖേന ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ പുതുതായി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനും വയനാട്, പാലക്കാട് എന്നിവിടങ്ങളിൽ ഓരോ യൂണിറ്റ് കൂടി ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>• അട്ടപ്പാടി മേഖലയിൽ പോഷകാ ഹാരക്കുറവുമൂലമുള്ള അസുഖങ്ങളുടെ ചികിത്സക്കായി 3 NRC (Nutrition Rehabilitation Centre)കളും പ്രവർത്തിക്കുന്നു.<br>• സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റ് ജീവനോപാധികൾ എന്നിവ വാങ്ങുന്നതിലേക്കായി പ്രതിമാസം 2,500/- രൂപ വീതം സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 1,000/- രൂപ വീതം 18 മാസത്തേക്ക് നൽകുന്ന ജനനി-ജന്മരക്ഷാ പദ്ധതിയും പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.<br>• കൂടാതെ പട്ടികവർഗ വികസന വകുപ്പ് സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ് |

| | | | |
|---|---|---|---|
| | | | എന്നിവ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>• പട്ടികവർഗ വികസന വകുപ്പിന് കീഴിൽ വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യസഹായപദ്ധതി, അട്ടപ്പാടി മേഖലയിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.<br>• സാമൂഹ്യനീതി വകുപ്പിൻ കീഴിൽ അംഗൻവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകിവരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും വിതരണം ചെയ്യുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണം നടത്തുന്നു. പോഷകാഹാര അപര്യാപ്തതയുള്ളവരെ ക ണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം നടപ്പിലാക്കി വരുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തുന്നു. ആരോഗ്യവകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം നടത്തുകയും ചെയ്യുന്നു.<br>• അട്ടപ്പാടിയിലെ പരമ്പരാഗത കൃഷിരീതികളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷിവകുപ്പുമായി സഹകരിച്ച് **"മില്ലറ്റ് വില്ലേജ്"** എന്ന പദ്ധതി നടപ്പിലാക്കുന്നു. |
| (സി) | ഇത്തരം പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ എത്ര തുക ചെലവാക്കി എന്നും വ്യക്തമാക്കാമോ? | (സി) | 2016-17 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം 45,99,28,104/- രൂപയും 2017-18 സാമ്പത്തിക വർഷം 28.02.2017 വരെ 35,74,97,500/- രൂപയും ചിലവഴിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലകളിൽ മേൽ പരാമർശിത പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി - 33.86 കോടി.<br>2. ജനനീജന്മരക്ഷാ പദ്ധതി - 13.06 കോടി. |

| | | | |
|---|---|---|---|
| | | | 3. അരിവാൾ രോഗികൾക്കുള്ള സമാശ്വാസ സഹായം -3.34 കോടി<br>4. ഭവന നിർമ്മാണവും പുനരുദ്ധാരണവും - 329.71 കോടി.<br>5. റോഡ് - 14.54 കോടി.<br>6. ഭൂമി വാങ്ങി നൽകുന്ന പദ്ധതി - 25.27 കോടി.<br>7. ഭക്ഷ്യ സഹായ പദ്ധതി - 40.86 കോടി.<br>8. അഗതി മന്ദിരങ്ങൾ - 2.65 കോടി<br>9. കമ്മ്യൂണിറ്റി കിച്ചൺ - 14.94 കോടി<br>10. കുടിവെള്ള പദ്ധതി - 2.80 കോടി<br>11. വൈദ്യുതീകരണം - 15.42 കോടി<br>12. അതിക്രമം തടയൽ നിയമം നടപ്പിലാക്കൽ - 54 ലക്ഷം |

സെക്ഷൻ ഓഫീസർ